I/162230/2024

**<u>മേലെഴുത്ത് നം: ഇ.എ2-13130/2023/ആ.വ.ഡ തീയതി:23-02-2024</u>**

സർക്കാർ ഉത്തരവിൻറെ പകർപ്പ് ബന്ധപ്പെട്ട ജീവനക്കാരുടെ അറിവിലേക്കും, അനന്തര നടപടികൾക്കും വെബ്സൈറ്റ് പ്രസിദ്ധീകരണത്തിനുമായി നൽകുന്നു.

Signed by Sherly S S
Date: 23-02-2024 11:26:40
Reason: Approved

ആരോഗ്യവകുപ്പ് ഡയറക്ടർക്കു വേണ്ടി

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റം - ഡോ. മഞ്ജുഷ വർഗീസ് ഫയൽ ചെയ്ത ഒഎ (ഇകെഎം) 962/2023 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ് - അനുപാലിച്ച് ഉത്തരവാകുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.389/2024/H&FWD തീയതി,തിരുവനന്തപുരം, 08-02-2024

---

പരാമർശം:-

1. സഉ (സാധ) 1518/2023/ആവ തീയതി 26.06.2023
2. സഉ (സാധ) 1603/2023/ആവ തീയതി 04.07.2023
3. ഡോ. മഞ്ജുഷ വർഗീസ്സമർപ്പിച്ച അപ്പീൽ പരാതി
4. ഡോ. മഞ്ജുഷ വർഗീസ് ഫയൽ ചെയ്ത ഒഎ (ഇകെഎം) 962/2023 നമ്പർ കേസിൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 22.06.2023 തീയതിയിൽ പുറപ്പെടുവിച്ച ഉത്തരവ്

**<u>ഉത്തരവ്</u>**

ആരോഗ്യ വകുപ്പിലെ അസിസ്റ്റന്റ് സർജൻമാരുടെ 2023 വർഷത്തെ പൊതുസ്ഥലംമാറ്റ ഉത്തരവിൽ തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ അസിസ്റ്റന്റ് സർജനായ ഡോ. മഞ്ജുഷ വർഗീസിനെ തൃശ്ശൂർ ജില്ലയിലെ ഒരുമനയൂർ പ്രാഥമികാരോഗ്യ കേന്ദ്രത്തിലേക്ക് സ്ഥലംമാറ്റം നൽകി നിയമിക്കുകയുണ്ടായി. പ്രസ്തുത നടപടിക്രമത്തിനെതിരെ ടിയാൻ പരാമർശം (3) പ്രകാരം സർക്കാരിൽ അപ്പീൽ അപേക്ഷ സമർപ്പിക്കുകയും ബഹു.അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഒഎ നം 962/2023 ആയി കേസ് ഫയൽ ചെയ്യുകയുമുണ്ടായി. ബഹു. ട്രിബ്യൂണൽ പരാമർശം (4) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് സർജൻമാരുടെ പൊതുസ്ഥലംമാറ്റം സംബന്ധിച്ച അപ്പീലുകൾ കേൾക്കുന്നതിനായി രൂപീകരിച്ച കമ്മിറ്റി ഡോ. മഞ്ജുഷ വർഗീസിന്റെ അപ്പീൽ പരിശോധിക്കുകയും തീരുമാനമെടുക്കുകയും ചെയ്യുന്നതിന് നിർദേശിക്കുകയുണ്ടായി.

2. തുടർന്ന് പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം രൂപീകരിച്ച കമ്മിറ്റി അപേക്ഷകനെ നേരിൽ കേൾക്കുകയും, അപേക്ഷകന്റെ അപ്പീൽ പരിശോധിക്കുകയുമുണ്ടായി. ഡോ. മഞ്ജുഷ വർഗീസ് അപ്പീൽ അപേക്ഷയിൽ സ്ഥലംമാറ്റം ആവശ്യപ്പെട്ട സ്ഥാപനങ്ങളിൽ നിയമനം നൽകിയിരിക്കുന്നത് പൊതുസ്ഥലംമാറ്റം സംബന്ധിച്ച മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ചുകൊണ്ടും സീനിയോറിറ്റിയും വിവിധ വിഭാഗങ്ങൾക്കുള്ള സംരക്ഷണവും പരിഗണിച്ചുകൊണ്ടും ആണ്. ആയതിനാൽ ടിയാന്റെ അപ്പീലിലെ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ലെന്നും നിരാകരിക്കാവുന്നതാണെന്നും കമ്മിറ്റി ശിപാർശ ചെയ്യുകയുണ്ടായി.

3. മേൽ സാഹചര്യത്തിൽ, അപ്പീൽ കമ്മിറ്റിയുടെ തീരുമാനം അംഗീകരിച്ചുകൊണ്ടും ഡോ. മഞ്ജുഷ വർഗീസ് സമർപ്പിച്ച അപ്പീൽ അപേക്ഷയിലെ ആവശ്യം പരിഗണിക്കാൻ നിർവാഹമില്ലാത്തതിനാൽ നിരാകരിച്ചുകൊണ്ടും പരാമർശം (3) പ്രകാരമുള്ള അപ്പീൽ അപേക്ഷ തീർപ്പാക്കി പരാമർശം (4) പ്രകാരമുള്ള ബഹു. ട്രിബ്യൂണലിന്റെ വിധിന്യായം അനുപാലിച്ചുകൊണ്ടും ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
ജില്ലാ മെഡിക്കൽ ഓഫീസർ, ജില്ലാ മെഡിക്കൽ ഓഫീസ് (ആരോഗ്യം), തൃശ്ശൂർ
ഡോ. മഞ്ജുഷ വർഗീസ്, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ഡോ. ദിവ്യ സുരേശൻ പി, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ഡോ. മിഥുൻ കെ, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
ഡോ. അന്ന റിയ ജോയ്, അസിസ്റ്റന്റ് സർജൻ (ആരോഗ്യ വകുപ്പ് ഡയറക്ടർ മുഖേന)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ